# Deepika

## 30 August 2018

## Kochi; After Flood, Flood relief Fund Operation

# അവരുടെ പരാതികൾ കേട്ടു, പരിഹാരം ഉറപ്പു നൽകി

കൊച്ചി: ഏക ജീവിതമാർഗമായിരുന്ന ലോട്ടറി വിൽപനയ്ക്കു ജിഎസ്ടിയും പ്രളയവും സൃഷ്ടിച്ച പ്രതിസന്ധിയെക്കുറിച്ചുള്ള പരാതിയുമായി എത്തിയതായിരുന്നു കാഴ്ചത്തകരാറുള്ള കൃഷ്ണകുമാരിയും ചെറിയാച്ചനും കുഞ്ഞമ്മയും.

അന്ധരായ മൂന്നു പേർ കാണാനായി കാത്തുനിൽക്കുന്നുവെന്നു പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയിൽനിന്നറിഞ്ഞ കോൺഗ്രസ് അധ്യക്ഷൻ രാഹുൽ ഗാന്ധി തിരക്കുകൾക്കിടയിലും ഇവർക്കരികിലേക്കെത്തി.

ഇവരുടെ വിഷമതകൾ മനസിലാക്കിയ അദ്ദേഹം പരിഹാരമുണ്ടാക്കാമെന്ന് ഉറപ്പുനൽകി. രാഹുൽ ഗാന്ധിയെ കാണാനും നിവേദനം സമർപ്പിക്കുന്നതിനുമായാണ് കേരള ലോട്ടറി ഏജന്റ്സ് ഫെഡറേഷൻ പ്രസിഡന്റ് കൃഷ്ണകുമാരി, സെക്രട്ടറി ചെറിയാച്ചൻ തെരുവിപറമ്പിൽ, ട്രഷറർ കെ. വി. കുഞ്ഞമ്മ എന്നിവർ വന്നത്. രാഹുൽ വിശ്രമിച്ചിരുന്ന എറണാകുളം ഗസ്റ്റ് ഹൗസിൽ ഇന്നലെ രാവിലെ എത്തിയെങ്കിലും സുരക്ഷാ പ്രശ്നങ്ങളെത്തുടർന്ന് ഇവരെ അകത്തു പ്രവേശിപ്പിച്ചില്ല.

തുടർന്നു ഡിസിസി ജനറൽ സെക്രട്ടറി തമ്പി സുബ്രമണ്യത്തിന്റെ സഹായത്തോടെ മറൈൻഡ്രൈവിൽ രാഹുൽ ഗാന്ധി പങ്കെടുക്കുന്ന യോഗസ്ഥലത്തെത്തുകയായിരുന്നു.

പരിപാടിക്കുശേഷം വാഹനത്തിലേക്കു മടങ്ങവേയാണു രാഹുൽ ഗാന്ധി ഇവർക്കരുകിലെത്തിയത്. മലയാളത്തിൽ തയാറാക്കിയ നിവേദനം വാങ്ങിയശേഷം ഉദ്യോഗസ്ഥരോട് ഇത് പരിഭാഷപ്പെടുത്തി തരാൻ ആവശ്യപ്പെട്ടു.

പ്രളയത്തിൽ വലിയ നഷ്ടം സംഭവിച്ച ഭിന്നശേഷിയുള്ള ലോട്ടറി വിൽപനക്കാർക്ക് പ്രത്യേക സാമ്പത്തിക സഹായം നൽകണം, ലോട്ടറിയെ ജിഎസ്ടിയിൽനിന്ന് ഒഴിവാക്കണം തുടങ്ങിയ ആവശ്യങ്ങൾ പാർലമെന്റിൽ അവതരിപ്പിക്കണമെന്നായിരുന്നു നിവേദനത്തിൽ ആവശ്യപ്പെട്ടിരുന്നത്.

ഇക്കാര്യങ്ങൾ വിശദമായി പഠിച്ചതിനു ശേഷം പാർലമെന്റിൽ ഉന്നയിക്കാമെന്നും പരിഹാരം ഉണ്ടാകുമെന്നും രാഹുൽ പറഞ്ഞു.

ഇക്കാര്യങ്ങൾ തന്നെ ഓർമിപ്പിക്കണമെന്ന് ഒപ്പമുണ്ടായിരുന്ന മുൻമുഖ്യമന്ത്രി ഉമ്മൻചാണ്ടിയോട് നിർദേശിക്കുകയും ചെയ്തു.



എറണാകുളം മറൈൻഡ്രൈവിലെ പരിപാടിക്കിടെ നിവേദനം സമർപ്പിക്കാനെത്തിയ ലോട്ടറി വിൽപന നടത്തുന്ന അന്ധരായ കൃഷ്ണകുമാരി, ചെറിയാച്ചൻ, കുഞ്ഞമ്മ എന്നിവരോട് വിവരങ്ങൾ അന്വേഷിക്കുന്ന കോൺഗ്രസ് അധ്യക്ഷൻ രാഹുൽ ഗാന്ധി. മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, ബെന്നി ബഹനാൻ തുടങ്ങിയവർ സമീപം.